LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജലലഭ്യതയുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളിൽ പാറശാല ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് മാത്രമാണ് അതിപൂഷണ ബ്ലോക്കായി തരംതിരിച്ചിട്ടുള്ളത്. ഇവിടെ ഭൂജലം ഉപയോഗിക്കുന്നതിന് ശക്തമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും കൃത്രിമ ഭൂജലസംപോഷണ മാർഗ്ഗങ്ങൾ നടപ്പാക്കുകയും ചെയ്യുന്നുണ്ട്.

(ബി) സംസ്ഥാനത്ത് ഭൂജലം സംരക്ഷിക്കുന്നതിനും അതിന്റെ പൂഷണം ഉപയോഗം എന്നിവ ക്രമീകരിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്ന കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ട് 2002 നിലവിലുണ്ട്. ഈ ആക്ടിന്റെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ അഞ്ച് ബ്ലോക്കുകൾ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുണ്ട്. ഈ ബ്ലോക്കുകളിൽ കുഴൽക്കിണർ നിർമ്മിക്കുന്നതിന് നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ട്. മറ്റ് ബ്ലോക്കുകളിൽ കാർഷിക കാർഷികേതര ആവശ്യങ്ങൾക്ക് കുഴൽക്കിണർ നിർമ്മിക്കുന്നതിന് നിയന്ത്രണമില്ല. കുഴൽക്കിണർ നിർമ്മിക്കുന്ന സ്വകാര്യ ഡ്രില്ലിംഗ് റിഗ്ഗുകൾ സംസ്ഥാനത്ത് ഭൂജല അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യണമെന്ന വ്യവസ്ഥ നിലവിലുണ്ട്.

(സി) ബഹുമാനപ്പെട്ട സുപ്രീം കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കുഴൽക്കിണർ അനുബന്ധ അപകടങ്ങൾ ഉണ്ടാകാതിരിക്കാനുള്ള മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

യു.ഐ.ഡി.എസ്.എസ്.എം.റ്റി. പദ്ധതി

178(879) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നഗര ശുദ്ധജലവിതരണ പദ്ധതിയായ യു.ഐ.ഡി.എസ്.എസ്.എം.റ്റി. കമ്മീഷൻ ചെയ്തോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ എന്നാണ് കമ്മീഷൻ ചെയ്തത്;

(ബി) പ്രസ്തുത പദ്ധതിയിൽപ്പെടുത്തി എത്ര വാട്ടർ കണക്ഷൻ നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(സി) യു.ഐ.ഡി.എസ്.എസ്.എം.റ്റി. പദ്ധതിക്കായി ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) യു.ഐ.ഡി.എസ്.എസ്.എം.റ്റി. ഒറ്റപ്പാലം നഗര ശുദ്ധജല വിതരണ പദ്ധതി 12-1-2016-ന് കമ്മീഷൻ ചെയ്തു.

(ബി) പ്രസ്തുത പദ്ധതിയിൽപ്പെടുത്തി 110 കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(സി) യു.ഐ.ഡി.എസ്.എസ്.എം.റ്റി. പദ്ധതിക്കായി നാളിതുവരെ 17.39 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

ജലഗുണ നിലവാര പരിശോധന ലാബുകൾ

179(880) ശ്രീ. ഐരബി ഈഡൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗുണ നിലവാര പരിശോധനയ്ക്കായി ലാബുകൾ ആരംഭിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) ജലഗുണനിലവാര പരിശോധനയ്ക്കായി കേരള ജല അതോറിറ്റിയുടെ കീഴിൽ നിലവിൽ 33 സബ് ഡിവിഷണൽ ലാബുകളും 14 ജില്ലാ ലാബുകളും ഒരു സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിനുപുറമെ കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് മൂന്ന് മൊബൈൽ ലാബുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. കൂടാതെ കേന്ദ്ര സർക്കാരിന്റെ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ജലഗുണനിലവാര പരിശോധനയ്ക്കായി 31 സബ് ഡിവിഷണൽ ലാബുകൾ പുതിയതായി ആരംഭിക്കുവാനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. ഇതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly